(ബി) റബ്ബർ തടിയും മറ്റ് ഉല്പന്നങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ, കൈത്തറി മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ എന്നിവ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പ് 'പ്രത്യാശ' എന്ന പദ്ധതിയിലൂടെ 2005-2006-ൽ 25,000 തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഏറിയപങ്കും പരിസ്ഥിതിക്ക് ഇണങ്ങിയവയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) റബ്ബർ തടിയും മറ്റ് ഉല്പന്നങ്ങളും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ നെയ്ത്തുകാരുടെ അഭിവൃദ്ധികൂടി ലക്ഷ്യമാക്കി 'കൃതിക', 'തനിമ', 'പ്രതിഭ' എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ നടന്നുവരുന്നു. കോഴിക്കോട് ജില്ലയിൽ പദ്ധതിയിൻകീഴിൽ 'ക്രാഫ്റ്റ് ടെക്സ്റ്റയിൽ ക്ലസ്റ്റർ പദ്ധതി'യും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ടെക്സ്റ്റയിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ടെക്സ്റ്റയിൽ സെന്റർ ഫോർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീം നടപ്പിലാക്കിവരുന്നു.

എൽ.ഡി.എഫ്., യു.ഡി.എഫ്. സർക്കാരുകളുടെകാലത്തെ വ്യവസായ നിക്ഷേപം

9 [3521] *ശ്രീ. കെ. എൻ. എ. ഖാദർ:*
„ *കളത്തിൽ അബ്ദുള്ള:*
„ *പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:*
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെക്കാൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വ്യവസായ നിക്ഷേപം സംസ്ഥാനത്ത് കുറഞ്ഞതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തതിനേക്കാൾ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly